പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3526 — 20.06.2019 ൽ മറുപടിക്ക്

## ശബരിമല വിമാനത്താവളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളം കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിലാണോ വിഭാവനം ചെയ്തിട്ടുള്ളത്; | (എ) യും (ബി) യും | ശബരിമലയിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും തെരഞ്ഞെടുത്ത Louis Berger Consulting Pvt Ltd എന്ന സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിന് ആവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | | |
| (സി) | വിമാനത്താവളത്തിനായി എത്ര ഏക്കർ സ്ഥലമാണ് വിലയ്ക്കുവാങ്ങുവാൻ ഉദ്ദേശിക്കുന്നത്; | (സി) യും (ഡി) യും (ഇ) യും | നിർദ്ദിഷ്ട ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ടിനായി കണ്ടെത്തിയിരിക്കുന്ന സ്ഥലം കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത്, മണിമല വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്നതാണ്. സ്വാതന്ത്ര്യത്തിന് മുൻപ് തിരുവിതാംകൂർ - കൊച്ചി ഭരണാധികാരികൾ കർശനമായ വ്യവസ്ഥകളോടെ കൃഷിക്കായി വിദേശ പൗരന്മാർക്ക് പാട്ടത്തിനു നൽകിയിരുന്നതും, തുടർന്ന് മറുപാട്ട പ്രകാരം വിദേശ കമ്പനിയായ മലയാളം പ്ലാന്റേഷൻ (യു.കെ)യുടെയും, ഹാരിസൺ മലയാളം |
| (ഡി) | നിലവിൽ പ്രസ്തുത സ്ഥലത്തിന് എന്ത് വില നൽകേണ്ടിവരും; | | |
| (ഇ) | സർക്കാർ വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഹാരിസൺ പ്ലാന്റേഷന് ലീസിന് സർക്കാർ കൊടുത്ത ഭൂമി | | |

| | |
|---|---|
| അവർ ഇപ്പോഴത്തെ ഉടമസ്ഥന് മറിച്ച് വിറ്റതാണോ; ഇത് സംബന്ധിച്ച് കോടതി മുമ്പാകെ ഏതെങ്കിലും കേസ് നിലവിലുണ്ടോ; വിശദാംശം നൽകുമോ? | ലിമിറ്റഡിന്റെയും കൈവശത്തിൽ എത്തിച്ചേർന്നതുമായ 2263 ഏക്കർ തോട്ടം ഭൂമിയിൽ ഉൾപ്പെട്ടതുമാണ്. തോട്ടം ഭൂമിയിൽ ഉൾപ്പെട്ട ടി ഭൂമി, പാട്ട വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് വസ്തുവിൽ ഉടമസ്ഥത സ്ഥാപിക്കാതെ 2005 ൽ HML കമ്പനി ഗോസ്പൽ ഫോർ ഏഷ്യ എന്ന കമ്പനിയ്ക്ക് വിൽപ്പന നടത്തിയിരുന്നു.<br>ഹാരിസൺ കമ്പനിയും മറ്റു വിദേശ കമ്പനികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 38171 ഏക്കർ സർക്കാർ ഭൂമി KLC ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച ഉത്തരവുകൾക്കെതിരെ ഗോസ്പൽ ഫോർ ഏഷ്യ ഉൾപ്പെടെയുള്ള കമ്പനികൾ ബഹു. ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയുണ്ടായി. 11.04.2018 ലെ WP(C) 33122/14 മറ്റ് അനുബന്ധ കേസുകളിലേയും വിധിന്യായ പ്രകാരം കേരള ഭൂ സംരക്ഷണ നിയമപ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥനു ഭൂമിയുടെ ഉടമസ്ഥത തീരുമാനിക്കുന്നതിന് അധികാരമില്ല എന്ന നിരീക്ഷണത്തോടെ സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ ഡിവിഷൻ ബഞ്ച് റദ്ദ് ചെയ്യുകയുണ്ടായി. എന്നാൽ ഹാരിസൺ മലയാളത്തിനോ, ചെറുവള്ളി എസ്റ്റേറ്റ് HML ൽ നിന്നും വാങ്ങിയ ഗോസ്പൽ ഫോർ ഏഷ്യാക്കോ പ്രസ്തുത ഭൂമിയിൽ ഉടമസ്ഥത ഉള്ളതായി ബഹു. ഹൈക്കോടതി കണ്ടെത്തിയിട്ടില്ലാത്തതാണ്. കൂടാതെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിന് സിവിൽ കേസ് ഫയൽ ചെയ്യാമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ ഫയൽ ചെയ്ത അപ്പീലുകൾ 17.09.2018 ൽ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി.<br>ഭൂനികുതി സ്വീകരിക്കുന്നതും പോക്കുവരവ് നടത്തുന്നതിനും ഉടമസ്ഥത സ്ഥാപിക്കൽ അല്ലായെന്നും, സിവിൽ കേസ് നടപടികൾ ഭൂനികുതി സ്വീകരിക്കുന്നതിന് തടസ്സമല്ലായെന്നും ബഹു. ഹൈക്കോടതി വിവിധ കേസുകളിൽ വിധിച്ചിട്ടുള്ള പശ്ചാത്തലത്തിൽ, ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി നേടിയവരുമായ കമ്പനികളും വ്യക്തികളും കൈവശം വയ്ക്കുന്ന ഭൂമിയുടെ ഉടമസ്ഥത |

| | | |
|---|---|---|
| | | സ്ഥാപിക്കുന്നതിനായി സർക്കാരിനു വേണ്ടി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനും, 'ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്യുന്ന കേസിലെ വിധിക്കു വിധേയം' എന്ന നിബന്ധനയോടെ കരം സ്വീകരിക്കുന്നതിനും ജില്ലാകളക്ടർമാർക്ക് അനുമതി നൽകികൊണ്ട് 06.06.2019 ൽ സ.ഉ(കൈ) നം. 172/19/റവ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിനായി പരിഗണിക്കുന്ന കോട്ടയം ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റും മേൽ പ്രസ്താവിച്ച ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിൽ കേസ് ഫയൽ ചെയ്തിട്ടില്ല. തർക്ക വിഷയമായ ഭൂമി ആയതിനാൽ ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച വിഷയം നിലവിൽ ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ